കേരള സർക്കാർ

# COVID-19 OUTBREAK CONTROL AND PREVENTION STATE CELL
# HEALTH & FAMILY WELFARE DEPARTMENT
# GOVT. OF KERALA

**Landline:** 0471-2302160 **Mobile:**9072315151
**Website:**www.dhs.kerala.gov.in **Email:***controlroomdhskerala@gmail.com*

## പൊതുജനങ്ങൾക്കുള്ള അറിയിപ്പ്

**1897 ലെ പകർച്ചവ്യാധി രോഗ നിയമത്തിലെ (കേന്ദ്ര നിയമം3)2, 3, 4 വകുപ്പുകൾ നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച് കോവിഡ് 19– ന്റെ വ്യാപന നിയന്ത്രണത്തിനും നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനും കേരള സർക്കാർ 21–3–2020 ന കേരള പകർച്ചവ്യാധികൾ, കോവിഡ് –19 നിയന്ത്രണങ്ങൾ , 2020 ചട്ടങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു..**

- COVID–19 ബാധിത രാജ്യങ്ങളിൽ നിന്നും യാത്രാ ചരിത്രമുള്ളവർ അല്ലെങ്കിൽ അത്തരം യാത്രക്കാരുമായി സമ്പർക്കം പുലർത്തുന്ന വ്യക്തികൾ, വീടുകളിൽ നിരീക്ഷണത്തിൽ തുടരാൻ അഭ്യർത്ഥിക്കുന്നു. ആലിംഗനം അല്ലെങ്കിൽ ഹസ്തദാനം പോലെ സ്പർശിച്ചു കൊണ്ടുള്ള സാമൂഹിക ആശംസകൾ ഒഴിവാക്കുക. നിങ്ങളുടെ മുഖം, മൂക്ക്, കണ്ണുകൾ എന്നിവ സ്പർശിക്കുന്നത് ഒഴിവാക്കുക. തുമ്മുമ്പോഴും, ചുമയ്ക്കുമ്പോഴും വായും, മൂക്കും തുവാല കൊണ്ട് മൂടേണ്ടതും, ഇടയ്ക്കിടെ കൈകൾ സോപ്പും, വെള്ളവും ഉപയോഗിച്ച് കഴുകേണ്ടതുമാണ്. കോവിഡ്–19 രോഗലക്ഷണങ്ങൾ ഉള്ളവരും അവരെ പരിചരിക്കുകയും ചെയ്യുന്ന ആളുകൾ മാത്രമേ മാസ്ക് ധരിക്കേണ്ടതുള്ളു. മാസ്ക് ഉപയോഗിക്കുന്നവർ അത് ഉപയോഗിക്കേണ്ട മാർഗങ്ങൾമനസ്സിലാക്കി ഉപയോഗിക്കേണ്ടതും, ഉപയോഗശേഷം മാസ്കുകൾ ശാസ്ത്രീയമായി തന്നെ സംസ്കരിക്കേണ്ടതുമാണ്. പൊതുജനങ്ങൾ N–95 മാസ്കുകൾ ഉപയോഗിക്കേണ്ടതില്ല
- ആരോഗ്യവകുപ്പിന്റെ വെബ്സൈറ്റിൽ ഷോപ്പിംഗ് മാളുകൾ,ബ്യൂട്ടി പാർളറുകൾ ബാർബർ ഷോപ്പുകൾ എന്നിവിടങ്ങളിൽ ജീവനക്കാർ പാലിക്കേണ്ട മാർഗനിർദേശങ്ങൾ പുതിയതായി നൽകിയിട്ടുണ്ട്.
- ആരോഗ്യ വകുപ്പ് ജീവനക്കാർക്കും മറ്റ് ഇതര വകുപ്പ് ജീവനക്കാർക്കും, പൊതുജനങ്ങൾക്കും വേണ്ട പരിശീലന സഹായികൾ, ആരോഗ്യ അവബോധന സന്ദേശങ്ങൾ വിഡിയോ രൂപത്തിൽ തയ്യാറാക്കി "കേരള ഹെൽത്ത് ഓൺലൈൻ ട്രെയിനിംഗ്" എന്ന ആരോഗ്യവകുപ്പിന്റെ യുട്യൂബ് ചാനലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്(https://www.youtube.com/c/keralahealthonlinetraining).

## തീയതി: 23/03/2020

186 ലോക രാജ്യങ്ങളിൽ കോവിഡ്–19 രോഗം പടർന്നുപിടിക്കുന്നതിനാൽ ലോകാരോഗ്യ സംഘടന കോവിഡ്–19 രോഗത്തെ മഹാമാരിയായി പ്രഖ്യാപിച്ചിരിക്കുന്നു. കേരള സർക്കാർ, 20.03.2020ന് കോവിഡ്–19 സംസ്ഥാന ദുരന്തമായി പുനപ്രഖ്യാപനം നടത്തുകയുണ്ടായി. ഈ സാഹചര്യത്തിൽ രോഗബാധയ്ക്കെതിരെ ജാഗ്രതയും നിരീക്ഷണവും ശക്തിപ്പെടുത്തി.

### വീട്/ആശുപത്രി നിരീക്ഷണം

- സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 64320 പേർ നിരീക്ഷണത്തിലാണ്
- ഇവരിൽ 63937 പേർ വീടുകളിലും, 383 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്.

## സാമ്പിൾ പരിശോധന

- രോഗലക്ഷണങ്ങൾ ഉള്ള 4291 വ്യക്തികളുടെ സാമ്പിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.ഇതിൽ 2987 സാമ്പിളുകളുടെ പരിശോധനാ ഫലം നെഗറ്റിവ് ആണ്.

## പരിശോധനാ ഫലം

- കേരളത്തിൽ ഇന്നലെ വരെ രോഗബാധ സ്ഥിരീകരിച്ചവരുടെ എണ്ണം 67 ആയിരുന്നു.
- ഇന്ന് കേരളത്തിൽ 28 പേർക്ക് രോഗം സ്ഥിരികരിച്ചു. ഇവരിൽ 19 പേർ കാസർഗോഡ് ജില്ല, 5 പേർ കണ്ണൂർ ജില്ല, 1 ആൾ എറണാകുളം ജില്ല, 1 ആൾ പത്തനംതിട്ട ജില്ല , 1 ആൾ തൃശ്ശൂർ ജില്ല, 1 വിദേശ പൌര എന്നിങ്ങനെ ഉൾപെടുന്നു.
- കണ്ണൂർ ജില്ലയിൽ ചികിത്സയിൽ ആയിരുന്ന ഒരാളെ ഡിസ്ചാർജ് ചെയ്തു.

## അനുബന്ധ പ്രവർത്തനങ്ങൾ

- നിരീക്ഷണത്തിലുള്ള വ്യക്തികളുടെ വർദ്ധിച്ച വരുന്ന എണ്ണം കണക്കാക്കി കൂടുതൽ കോവിഡ് കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ താമസം അല്ലാത്ത ടൂറിസ്റ്റുകൾ, മറ്റു യാത്രക്കാർ എന്നിവരുടെ ഐസോലെഷൻ ഉദേശിച്ചു ആണ് ഈ കേന്ദ്രങ്ങൾ.
- കൊറോണാ വൈറസ് രോഗബാധ സംശയിക്കുന്ന കുടുംബങ്ങൾക്ക് മാനസിക പിന്തുണ പ്രദാനം ചെയ്യുന്നതിന് വേണ്ടി സംസ്ഥാനത്തൊട്ടാകെ 252 അംഗങ്ങളെ വിവിധ ജില്ലകളിലായി വിന്യസിച്ചിട്ടുണ്ട്. 26098 ടെലിഫോണിക്ക് കൌൺസിലിംഗ് സേവനങ്ങൾ ഇത് വരെ ലഭ്യമാക്കി.
- ആരോഗ്യ പ്രവർത്തകർ, ആരോഗ്യസേന, സന്നദ്ധ പ്രവർത്തകർ എന്നിവരടങ്ങുന്ന സ്ക്വാഡുകൾ രൂപീകരിച്ച് ഗൃഹ സന്ദർശനം നടത്തി നിരീക്ഷണത്തിലുള്ള വ്യക്തികളുമായി ശക്തമായ ആശയവിനിമയം ഉറപ്പാക്കുന്നതാണ്.
- സംസ്ഥാന തലത്തിലും എല്ലാ ജില്ലകളിലും അവശ്യ മാനവവിഭവശേഷി ഉറപ്പു വരുത്താനായുള്ള ടീമുകളെ വിന്യസിച്ചു. വിമാനത്താവള നിരീക്ഷണത്തിനും, ആശുപത്രി നിരീക്ഷണത്തിനും ഗതാഗത സംവിധാനം ഉറപ്പു വരുത്താനും വേണ്ട മാനവവിഭവശേഷി എല്ലാ ജില്ലകളിലും ഉറപ്പ് വരുത്തിയിട്ടുണ്ട്.
- എല്ലാ ജില്ലകളിലേയും തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ മതിയായ ഭൗതിക സാഹചര്യങ്ങളും പ്രത്യേക ചികിത്സാ സൗകര്യങ്ങളും ഉറപ്പു വരുത്തിയിട്ടുണ്ട്.
- കോവിഡ്-19നെതിരായ പോരാട്ടത്തിൽ ആരോഗ്യവകുപ്പുമായി കൈകോർക്കാൻ ആരോഗ്യപ്രവർത്തകരെ ഞങ്ങൾ ക്ഷണിക്കുന്നു.ആശുപത്രികൾ, വീടുകൾ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ സന്നദ്ധ സേവനം നടത്തുന്നതിന് താഴെ നൽകിയിരിക്കുന്ന ലിങ്ക് ഉപയോഗിച്ച് നിങ്ങൾക്കും ചേരാം. താൽപ്പര്യമുള്ള ആരോഗ്യ പ്രവർത്തകർക്ക് ഈ ഫോമിൽ വിശദാംശങ്ങൾ പൂരിപ്പിച്ച് സമർപ്പിക്കാം. ആരോഗ്യകുടുംബക്ഷേമ വകുപ്പ്ഉടൻ തന്നെ നിങ്ങളെ ബന്ധപ്പെടുന്നതായിരിക്കും.
  - **വരൂ, ഞങ്ങളോടൊപ്പം അണി ചേരൂ**
  - https://forms.gle/3FtcS7ovp1YGG9539

**അനുബന്ധം-1: ജില്ലകളിൽ നിരീക്ഷണത്തിൽ ഉള്ളവരുടെ വിവരങ്ങൾ**

| ജില്ല | ആകെ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | വീടുകളിൽ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | ആശുപത്രികളിൽ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | ഇന്ന് അഡ്മിറ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം |
|---|---|---|---|---|
| തിരുവനന്തപുരം | 5477 | 5426 | 51 | 22 |
| കൊല്ലം | 1073 | 1070 | 3 | 0 |
| പത്തനംതിട്ട | 4580 | 4565 | 15 | 3 |
| ഇടുക്കി | 643 | 640 | 3 | 0 |
| കോട്ടയം | 2499 | 2492 | 7 | 1 |
| ആലപ്പുഴ | 4840 | 4826 | 14 | 3 |
| എറണാകുളം | 4230 | 4201 | 29 | 8 |
| തൃശ്ശൂർ | 9336 | 9292 | 44 | 8 |
| പാലക്കാട് | 5162 | 5135 | 27 | 8 |
| മലപ്പുറം | 9294 | 9279 | 15 | 11 |
| കോഴിക്കോട് | 8408 | 8370 | 38 | 12 |
| വയനാട് | 1440 | 1436 | 4 | 3 |
| കണ്ണൂർ | 6481 | 6409 | 72 | 23 |
| കാസർഗോഡ് | 857 | 796 | 61 | 20 |
| **ആകെ** | **64320** | **63937** | **383** | **122** |

**അനുബന്ധം–1: രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളവരുടെ ക്രമം**

| രോഗബാധ സ്ഥിരീകരിച്ച വ്യക്തികളുടെ എണ്ണം | ജില്ല | നിലവിലെ അവസ്ഥ | പരാമർശം |
|---|---|---|---|
| 3 | തൃശ്ശൂർ<br>ആലപ്പുഴ<br>കാസറഗോഡ് | നെഗറ്റീവ് | ഡിസ്ചാർജ് ചെയ്തു |
| 5 | പത്തനംതിട്ട | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 1 | എറണാകുളം | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 8 | പത്തനംതിട്ട – 4<br>കോട്ടയം – 2<br>എറണാകുളം –2 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 2 | കണ്ണൂർ –1<br>തൃശ്ശൂർ –1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 3 | തിരുവനന്തപുരം –3 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 2 | തിരുവനന്തപുരം –1<br>ഇടുക്കി – 1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 3 | മലപ്പുറം–2<br>കാസറഗോഡ്–1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 1 | കാസറഗോഡ്–1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 12 | എറണാകുളം–6<br>കാസറഗോഡ്–6 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 12 | എറണാകുളം–3<br>കണ്ണൂർ –3<br>കാസറഗോഡ്–6 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 15 | എറണാകുളം–2<br>മലപ്പുറം–2<br>കോഴിക്കോട്–2<br>കണ്ണൂർ –4<br>കാസറഗോഡ്–5 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 28 | പത്തനംതിട്ട–1<br>തൃശ്ശൂർ –1<br>എറണാകുളം–2<br>കണ്ണൂർ –5<br>കാസറഗോഡ്–19 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| **ഇതുവരെ 95 രോഗികളിലാണ് രോഗം സ്ഥിരീകരിച്ചിട്ടുള്ളത്. ഇതിൽ 91 പേർ ചികിത്സയിലാണ്** | | | |

**ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിരിക്കുന്നവരുടെ ജില്ലതിരിച്ചുള്ളകണക്ക്**

| ജില്ല | ജില്ലയിൽ ചികിത്സയിലുള്ളവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 4 |
| പത്തനംതിട്ട | 8 |
| കോട്ടയം | 4 |
| എറണാകുളം | 16 |
| തൃശ്ശൂർ | 2 |
| മലപ്പുറം | 4 |
| കണ്ണൂർ | 15 |
| കാസറഗോഡ് | 35 |
| കോഴിക്കോട് | 3 |
| **ആകെ** | **91** |

കോൾ സെന്റർ നമ്പർ:0471 2309250, 2309251, 2309252, 2309253, 2309254, 2309255
ദിശ: 0471-2552056, 1056